**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6545** **11-07-2024 - ൽ മറുപടിയ്ക്ക്**

**മണാശ്ശേരി - കുളിമാട് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ മണാശ്ശേരി-കുളിമാട് റോഡിന്റെ കുളിമാട് വയൽ ഭാഗം നവീകരിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | മണാശ്ശേരി - കുളിമാട് റോഡ് നവീകരണത്തിന് 12/02/2024-ന് GO(Rt) No. 179/2024/PWD പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ റോഡിൽ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കുന്നതിന് കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കത്ത് പ്രകാരം ഉത്തരവിനായി റവന്യൂ വകുപ്പിലേയ്ക്ക് ഫയൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിൽ കാലതാമസം വരുന്നതിന് ഇടയാക്കിയ കാരണം വിശദമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി ഏറ്റെടുക്കേണ്ട 0.5327 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അർത്ഥനപത്രം, അനുബന്ധ രേഖകൾ സഹിതം 18.12.2022-ന് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുകയും ആയതിൽ ആവശ്യമായ വ്യക്തത വരുത്തുന്നതിനായി നിർദ്ദേശം നല്കുകയുമുണ്ടായി. വ്യക്തത വരുത്തി സമർപ്പിച്ച 08.06.2024 -ലെ കത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭ്യമാക്കുന്നതിനായി തുടർനടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ആവശ്യമായ മുഴുവൻ സ്ഥലവും മുൻകൂർ വിട്ടു നൽകാൻ ഭൂവുടമകൾ സമ്മതപത്രം നൽകിയ പശ്ചാത്തലത്തിൽ പ്രവൃത്തി ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | ആവശ്യമായ മുഴുവൻ സ്ഥലവും മുൻകൂർ വിട്ടു നൽകാൻ ഭൂവുടമകൾ സമ്മത പത്രം നൽകിയ പശ്ചാത്തലത്തിൽ സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറായിക്കൊണ്ടിരിക്കുന്നു. അത് പരിശോധിച്ച് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ